

WEDNESDAY 22-02-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–22/02/2023.

1. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വൈഗ അന്താരാഷ്ട്ര ശില്പശാല ഫെബ്രുവരി 25 മുതൽ മാർച്ച് 2 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ സംഘടിപ്പിക്കുന്നു. കാർഷിക സംരംഭകർക്ക് വിശദമായ പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്ന ഡിപിആർ ക്ലിനിക്ക്, കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് നവീനവും ശാസ്ത്രീയവുമായ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനുള്ള അഗ്രി ഹാക്കത്തോൺ, ഉത്പാദകരെയും സംരംഭകരെയും തമ്മിൽ ബന്ധിപ്പിക്കുന്ന ബി ടു ബി മീറ്റ്, എക്സിബിഷനുകൾ, കാർഷിക സെമിനാറുകൾ തുടങ്ങിയവ വൈഗയോടനുബന്ധിച്ച് സംഘടിപ്പിക്കുന്നതാണ്. പരിപാടിയിൽ പങ്കെടുക്കുന്നതിന് വേണ്ടി www.vaigakerala.com എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9447212913, 9383470150** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. സംസ്ഥാനത്ത് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ കൊണ്ട് ഉപജീവനം നടത്തുന്ന എല്ലാ കർഷകരുടെയും ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് കർഷക ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഇപ്പോൾ അപേക്ഷിക്കാം. 5 സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വെച്ചിരിക്കുകയും, മൂന്ന് വർഷത്തെ കുറയാത്ത കാലയളവിൽ കൃഷി- കൃഷി അനുബന്ധ പ്രവർത്തനങ്ങൾ പ്രധാന ഉപജീവനമാർഗം ആയിരിക്കുകയും വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാത്തതായുള്ള 18-നും 65 വയസ്സിനും ഇടയിൽ പ്രായമുള്ള ഏതൊരാൾക്കും അപേക്ഷിക്കാം. ഈ പദ്ധതിയുടെ പ്രതിമാസ അംശാദായം 100 രൂപയാണ്. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കർഷകർ ക്ഷേമനിധി ബോർഡിന്റെ https://kfwfb.kerala.gov.in/ എന്ന പോർട്ടൽ വഴിയാണ് നൽകേണ്ടത്. പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നതിന് പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളും (കർഷകന്റെ സത്യപ്രസ്താവന, ഫോട്ടോ, കാർഷിക അനുബന്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം) വില്ലേജ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഓഫീസറിൽ നിന്നും ലഭിക്കുന്ന അപേക്ഷകന്റെ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ്, വയസ് തെളിയിക്കുന്ന രേഖ, ഭൂമിയുടെ കരം അടച്ച രസീതോ/ഭൂമി സംബന്ധിച്ച രേഖകളോ, എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീ ആയി 100 രൂപ ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്.

3. ഉത്തര മേഖലാ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ വച്ച് നടത്തുന്ന 'ഫാം കാർണിവൽ -സഫലം 2023' നോടനുബന്ധിച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ പകൽ 10 മണി മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയങ്ങളിൽ വിളിച്ചു പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ മാസം 23 ന് 'കശുമാവ് കൃഷി ഭാവിയിലേക്കുള്ള വിള'- ഏകദിന സെമിനാർ. വിളിക്കേണ്ട നമ്പർ - 7907277748., ഈ മാസം 25 ന് കാർഷിക യന്ത്രങ്ങളുടെ പ്രായോഗിക പരിശീലനം. വിളിക്കേണ്ട നമ്പർ - 9846334758., ഈ മാസം 25 ന് സുഗന്ധ വ്യഞ്ജന വിളകൾ - സെമിനാർ. തീയതി (25.02.2023.) വിളിക്കേണ്ട നമ്പർ - 7907741584 ., ഈ മാസം 27 ന് തെങ്ങിലെ കൃഷിരീതികൾ - സെമിനാർ. വിളിക്കേണ്ട - 8281307144., ഈ മാസം 28 ന് (28.02.2023) കശുമാങ്ങ സംസ്കരണം ഏകദിന പരിശീലനം. (വനിതകൾക്ക്) വിളിക്കേണ്ട നമ്പർ - 9846334758.

4. വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന പൂക്കോട് (വയനാട്) മൃഗചികിത്സാപഠന കേന്ദ്രത്തിൽ വെറ്ററിനറി നഴ്സിംഗ്, ഫാർമസി, ലബോറട്ടറി സാങ്കേതിക വിദ്യയിൽ 6 മാസത്തെ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. മൃഗസംരക്ഷണം/ ക്ഷീരവികസനം/ പൗൾട്രി സയൻസസ് എന്നിവയിൽ ഏതിലെങ്കിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് പാസായവർക്ക് മാത്രം അപേക്ഷിക്കാം. വെറ്ററിനറി സർവ്വകലാശാലയുടെ വിവിധ ഡിപ്ലോമ കോഴ്സുകൾ പാസ്സായവർക്ക് മുൻഗണന. പ്രായപരിധി 25വയസ്സ്. പ്രതിമാസ സ്റ്റൈപ്പന്റ് 6000 രൂപ. താല്പര്യമുള്ളവർ യോഗ്യത, പ്രായം, ജാതി, തൊഴിൽ പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ, ബയോഡാറ്റ സഹിതം 24-02-2023 തീയതി രാവിലെ 9.30 ന് പൂക്കോട് (വയനാട്) മൃഗചികിത്സാപഠന കേന്ദ്രത്തിൽ വെച്ച് നടത്തുന്ന എഴുത്ത്പരീക്ഷക്കും, വക്ക് ഇൻ ഇന്റർവ്യൂവിനും നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽവിവരങ്ങൾക്ക് 8547144462, 9387387023, 9447153448 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

## പരിശീലന പരിപാടി

5. കേരള കാർഷിക സർവകലാശാല നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ് ആലപ്പുഴയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ കൂൺ കർഷകർക്കായി മൂന്ന് ദിവസത്തെ 'കൂൺ വിത്ത് ഉൽപാദന പരിശീലന പരിപാടി' ഫെബ്രുവരി അവസാനവാരം നടത്തപ്പെടുന്നു കൂൺ കൃഷിയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രായോഗിക പരിചയമുള്ള കർഷകർക്ക് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. പ്രായോഗിക പരിചയം തെളിയിക്കുന്നതിന് ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ് തിരഞ്ഞെടുക്കപ്പെടുന്ന 15 കർഷകർക്ക് മാത്രമായി പരിശീലന പരിപാടി പരിമിതപ്പെടുത്തിയിരിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന യോഗ്യതയുള്ള കർഷകർ വിവരം ബന്ധപ്പെട്ട ചുമതലയുള്ള ഓഫീസറെ 9447506572 എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി അറിയിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്, 0477 2702245 എന്ന നമ്പരിൽ ഓഫീസുമായി ബന്ധപ്പെടുക.

6. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഇന്ന് (22.02.2023) വൈകുന്നേരം 5 മണി വരെ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ പങ്കെടുപ്പിക്കും. (യുവ സംരംഭകർക്ക് മുൻഗണന) കൂടുതൽ വിവരങ്ങൾക്ക് 0471-2501706/9400831831 എന്നീ നമ്പരുകളിൽ വിളിക്കുകയോ അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുകയോ ചെയ്യുക.

7. റബ്ബറിലെ ഇലരോഗങ്ങളെ ചെറുക്കാൻ സഹായിക്കുന്ന ക്രൗൺ ബഡ്ഡിങ്ങിനെക്കുറിച്ചും മഞ്ഞുകാല ത്ത് റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചുമറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (22.02.23) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ് ഫോണിലൂടെ മറുപടി പറയും. കോൾ സെന്റർ നമ്പർ 04812576622.

## 8. കാർഷിക നിർദ്ദേശം

ചൂട് കൂടുതലുള്ള സമയമായതിനാൽ പടുതാ കുളത്തിൽ മത്സ്യകൃഷി ചെയ്യുന്ന മത്സ്യ കർഷകർ ടാങ്കിനു മുകളിലായി പച്ച ഷെയ്ഡ് നെറ്റ് അല്ലെങ്കിൽ ഷീറ്റ് കെട്ടി വെയിലേറ്റ് വെള്ളത്തിൻറ്റെ ഊഷ്മാവ് കൂടുന്നത് തേടയേണ്ടതാണ്.

അന്തരീക്ഷത്തിലെ ചൂട് കൂടി വരുന്നതിനാൽ കന്നുകാലികൾക്ക് ധാരാളം തണുത്ത വെള്ളം കൊടുക്കുക. അതിരാവിലെയും വൈകിട്ടും പുല്ല്, വൈക്കോൽ മുതലായ പരുഷാഹാരങ്ങൾ നൽകുക. നേരിട്ട് സൂര്യാഘാതം ഏൽക്കാത്ത രീതിയിൽ മാറ്റിക്കെട്ടുക.

കോഴിക്കൂടുകൾ പൂർണമായും ഇരുമ്പിന്റെ വല കൊണ്ട് നിർമ്മിച്ചതാണെങ്കിൽ വശങ്ങളിൽ തണൽ നൽകാൻ ശ്രദ്ധിക്കുക. കൂടിനുള്ളിൽ കുടിക്കാൻ ധാരളം വെള്ളം വച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം